ജില്ലാശുപത്രിയിൽ ഒരു ഗൈനക്കോളജിസ്റ്റ് മാത്രമാണുള്ളത്. അവർ 24 മണിക്കൂറും ജോലി ചെയ്യേണ്ടി വരുന്നു. ഒരു ജില്ലാശുപത്രി എന്ന നിലയിൽ ഈ ഡോക്ടർമാരുടെ അനുപാതം പൂർത്തീകരിക്കുന്നതിന് ആവശ്യമായ നടപടികളുണ്ടാകണം. അതോടൊപ്പം കാഷ്വാലിറ്റിയിലും, ഒഴിവുള്ള മറ്റ് സ്പെഷ്യലിസ്റ്റ് ഡോക്ടർമാരേയും അടിയന്തിരമായി നിയമിക്കാൻ നടപടി ഉണ്ടാകണം. കൂടാതെ ഭക്ഷ്യവിഷബാധയേറ്റ് ചികിൽസയിൽ കഴിയുന്നവർക്ക് അത്യാവശ്യ മരുന്നുകളും മറ്റും ലഭിക്കുന്നതിനുള്ള നടപടികളും സ്വീകരിക്കണമെന്ന് ഞാൻ ആവശ്യപ്പെടുന്നു.

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. വി. എം. സുധീരൻ): സർ, ബഹുമാനപ്പെട്ട നാരായണൻ (ഹോസ്ദുർഗ്) രണ്ട് കാര്യങ്ങളാണ് ഉന്നയിച്ചത്. ഒന്ന് കാസർഗോഡ് ഉണ്ടായ ഭക്ഷ്യവിഷബാധയെ സംബന്ധിച്ചാണ്. ഈ സംഭവം പത്രത്തിൽ വായിച്ചപ്പോൾ തന്നെ ഞാൻ കാസർഗോഡ് കളക്ടറുമായിട്ട് ബന്ധപ്പെട്ടിരുന്നു. കളക്ടറുടെ മെസേജ് എനിക്കു കിട്ടിയിട്ടുണ്ട്. അതിൽ പറയുന്നത് "Due to food poisoning, 74 persons in Cheruvathoor village in Hosdurg taluk have been admitted in the District hospital, Kanjangad on 7-3-1996, 10-3-1996 and 11-3-1996. The victims consist of 18 males, 35 females, 13 female children and 8 male children. All of them have taken food from a house in Cheruvathoor village after a religious function, that is 'Theyyamkettu'. No cases are reported to be serious. All the admitted persons are under proper care and situation is under control." അവിടെ ആശങ്കാജനകമായ ഒന്നുമില്ല. സിറ്റുവേഷൻ കൺട്രോളിലാണ്.

പിന്നെ ബഹുമാനപ്പെട്ട നാരായണൻ ഉന്നയിച്ച മറ്റൊരു പ്രശ്നം ഡോക്ടർമാരുടെ കാര്യമാണ്. ഇവിടെ അദ്ദേഹം പറഞ്ഞത് അനുസരിച്ച് നേരത്തേ പി.എസ്.സി.-ൽ നിന്ന് ഡോക്ടർമാരെ പോസ്റ്റ് ചെയ്തിരുന്നുവെങ്കിലും അവർ പോയി ജോയിൻ ചെയ്തിട്ടില്ല. ജില്ലാ ആശുപത്രിയിലെ ഡോക്ടർമാരുടെ പോരായ്മ പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതിന് ഇന്നലെത്തന്നെ ആരോഗ്യവകുപ്പ് സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(11) നാദാപുരം ആശുപത്രി വികസിപ്പിക്കണമെന്ന ആവശ്യം

ശ്രീ. സത്യൻ മൊകേരി: സർ, എന്റെ നിയോജകമണ്ഡലത്തിലെ കോഴിക്കോട് ജില്ലയിലെ ഏറ്റവും പ്രധാനപ്പെട്ട ഒരുശുപത്രിയാണ് നാദാപുരം ഗവൺമെന്റ് ആശുപത്രി. അതൊരു പ്രത്യേക കാറ്റഗറിയിൽ പെട്ടതാണ്. കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുമല്ല, താലൂക്ക് ലെവൽ ആശുപത്രിയുമല്ല. മുമ്പ് ഡിസ്ട്രിക്ട് ബോർഡിന്റെ കാലത്ത് തുടങ്ങിയ ആശുപത്രിയാണ്. ഇതുപോലുള്ള മറ്റ് ചില ആശുപത്രികളുമുണ്ട്. ഇതൊരു പ്രത്യേക കാറ്റഗറിയിൽപ്പെട്ട ആശുപത്രിയായതുകൊണ്ടും കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന്റെ പോലും സൗകര്യങ്ങൾ ഇല്ലാത്തതുകൊണ്ടും ഡോക്ടർമാരുടെയും സ്റ്റാഫിന്റേയും കുറവുണ്ട്. അതുകൊണ്ട് എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽക്കൊണ്ടുവരാനുള്ളത് ഇതിന്റെ ഗ്രേഡ് ഉയർത്തുന്നതിനുവേണ്ടി തയ്യാറാകണമെന്നാണ്. ഇത് ഞാൻ നിരന്തരമായി പറഞ്ഞുകൊണ്ടിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

മൂന്നോ നാലോ തവണ സബ്മിഷൻ കൊടുത്തിട്ടുണ്ട്. നേരത്തേ ബഹുമാനപ്പെട്ട കരുണാകരൻ ആരോഗ്യവകുപ്പ് മന്ത്രിയായിരുന്നപ്പോഴും പറഞ്ഞിട്ടുണ്ട്. ഗവൺമെൻറ് ഹെൽത്ത് സെക്രട്ടറിയുടേയും ഡയറക്ടറുടേയും ഒക്കെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ആ ആശുപത്രിയുടെ ഗ്രേഡ് ഉയർത്തിത്തരുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിക്കണം.

സർ, അതുപോലെതന്നെ ആശുപത്രിയുടെ വികസനത്തിനുവേണ്ടി ഭൂമി അക്വയർ ചെയ്യുന്നതിനുവേണ്ടിയുള്ള നടപടികളും തുടങ്ങിയിട്ടുണ്ട്. അതിന് ഗവൺമെൻറ് അംഗീകാരം നൽകിയതാണ്. പക്ഷേ, ഇപ്പോൾ ഒരു തടസ്സമുള്ളത് ഡി.എം.ഒ. ഒരു കടലാസ് ലാൻറ് അക്വിസിഷൻ വിഭാഗത്തിന് അയച്ചതായി മനസ്സിലാകുന്നു. ഇതിന് ചില പരാതികളും കിട്ടിയതുകൊണ്ട് തൽക്കാലം ലാൻറ് അക്വിസിഷൻ നടപടികളുമായി മുന്നോട്ടു പോകുന്നത് ഉചിതമല്ലെന്നു തോന്നുന്നു എന്ന വരികളോടുകൂടി ഒരു കത്ത് അയച്ചതായി മനസ്സിലാകുന്നു. അതിൻറെ അടിസ്ഥാനത്തിൽ അത് നിറുത്തി വച്ചിരിക്കുകയാണെന്ന് തോന്നുന്നു. എത്രയുംവേഗം ലാൻറ് അക്വിസിഷൻ നടപടികളും ആരംഭിക്കണം. ലാൻറ് അക്വിസിഷൻ നടപടികളും പൂർത്തിയാക്കുന്നതിനും ആശുപത്രിയുടെ ഗ്രേഡ് ഉയർത്തുന്നതിനുംവേണ്ടി അങ്ങ് പ്രത്യേക താല്പര്യം എടുത്തുകൊണ്ട് അനുകൂലമായ നടപടിയുണ്ടാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. വി. എം. സുധീരൻ): സർ, ബഹുമാനപ്പെട്ട സത്യൻ മൊകേരി നാദാപുരം ആശുപത്രിയുടെ പ്രശ്നം പലപ്പോഴും ഉന്നയിച്ചിട്ടുണ്ട്. ഇപ്പോൾ അത് ഗവൺമെൻറ് ഹോസ്പിറ്റൽ ആണ്. ആ ഹോസ്പിറ്റലിൻറെ ഗ്രേഡ് ഉയർത്തുന്നതിനെ സംബന്ധിച്ച്—ഒന്നുകിൽ കമ്മ്യൂണിറ്റി ഹെൽത്ത് സെൻറർ, അല്ലെങ്കിൽ അതുപോലുള്ള മറ്റ് സ്ഥാപനമാക്കി ഉയർത്തുകയെന്നുള്ളത് അടുത്ത സാമ്പത്തിക വർഷത്തിലേ സാധിക്കുകയുള്ളൂ. അതുകൊണ്ട് ഇപ്പോൾ അതിനെക്കുറിച്ച് എനിക്ക് പറയാൻ നിവൃത്തിയില്ല. പിന്നെ അദ്ദേഹം ഇവിടെ പറഞ്ഞത് ആശുപത്രിയുടെ വികസനത്തിനുവേണ്ടിയുള്ള സ്ഥലമെടുപ്പിൻറെ കാര്യത്തെ സംബന്ധിച്ചാണ്. സ്ഥലം ഏറെടുക്കാൻ 2-2-1994-ൽ ഗവൺമെൻറ് ഉത്തരവ് നൽകിയിരിക്കുന്നു. പക്ഷേ, ചില സ്വകാര്യ വ്യക്തികൾ എതിർപ്പ് പറഞ്ഞതിനെത്തുടർന്ന് അതിൽ ചെറിയ ഒരു മാന്ദ്യമുണ്ടായി. അതുകൊണ്ട് അതിൻറെ നടപടിയുമായിട്ട് മുന്നോട്ടു പോകാൻ കഴിഞ്ഞില്ല. ചിലർ പരാതി കൊടുത്തതിനെത്തുടർന്ന് ജില്ലാ മെഡിക്കൽ ഓഫീസറോട് ഇത് സംബന്ധിച്ച കമെൻറ് റവന്യൂ ഓഫീഷ്യൽസ് ചോദിച്ചിരുന്നു. ജില്ലാ മെഡിക്കൽ ഓഫീസർ ഇക്കാര്യത്തെ സംബന്ധിച്ച് എന്തുവേണമെന്ന് ഡയറക്ടറോട് ചോദിച്ചു. ലാൻറ് അക്വിസിഷൻ നടപടികളുമായി മുന്നോട്ടു പോകാൻ ഡയറക്ടർ നിർദ്ദേശം നൽകിയിരിക്കുകയാണ്. അതുകൊണ്ട് യാതൊരു പ്രയാസവും ഉണ്ടാവുകയില്ല. ശ്രീ. സത്യൻ മൊകേരി പറഞ്ഞതുപോലെ അതിൽ ജില്ലാ മെഡിക്കൽ ഓഫീസർ അങ്ങനെ അവ്യക്തമായ ഒരു മറുപടി അല്ല കൊടുത്തത്. അക്വിസിഷൻ നടപടികളുമായി മുന്നോട്ടു പോകണമെന്നു തന്നെയാണ് ബന്ധപ്പെട്ട അധികൃതരോട് ആവശ്യപ്പെട്ടിട്ടുള്ളത്. അതുകൊണ്ട് നിയമപ്രകാരമുള്ള നടപടികളുമായി മുന്നോട്ടു പോകാൻ തടസ്സമില്ല. ഇക്കാര്യത്തിൽ ആവശ്യമായ നടപടികളും ഉണ്ടാക്കുന്ന കാര്യത്തിൽ ഞാൻ കോഴിക്കോട് കളക്ടർക്കും മറ്റ് ബന്ധപ്പെട്ടവർക്കും നിർദ്ദേശം കൊടുക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly